## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5892 28.10. 2011-ൽ മറുപടിക്ക്.**

## പോലീസ് നവീകരണത്തിനായി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. കെ. രാജു<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. വി. ശശി | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പോലീസ് നവീകരണത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | : (എ) സംസ്ഥാനത്ത് പോലീസ് നവീകരണത്തിനായി ലഭ്യമാകുന്ന കേന്ദ്ര സഹായവും അതിനാനുപാതികമായ സംസ്ഥാന വിഹിതവും ഉപയോഗപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു.<br>1. നോൺ-റസിഡൻഷ്യൽ കെട്ടിടങ്ങളുടെ നിർമ്മാണം.<br>2. റസിഡൻഷ്യൽ കെട്ടിടങ്ങളുടെ നിർമ്മാണം.<br>3. ഓപ്പറേഷണൽ വെഹിക്കിളുകൾ വാങ്ങുന്നതിന്.<br>4. ആയുധങ്ങൾ വാങ്ങുന്നതിന്.<br>5. പോലീസ് സേനയ്ക്കാവശ്യമായ സെക്യൂരിറ്റി ഉപകരണങ്ങൾ ട്രാഫിക് ഉപകരണങ്ങൾ, സ്റ്റേഷൻ ഉപകരണങ്ങൾ, സി.ഐ.ഡി. ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന്.<br>6. കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ വാങ്ങുന്നതിന്.<br>7. ട്രെയിനിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്.<br>8. ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന്.<br>9. സ്പെഷ്യൽ ബ്രാഞ്ച്, ഹോംഗാർഡ് എന്നിവയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന്<br>10. ഫോറൻസിക് സയൻസ് ലബോറട്ടറിയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് |

(…………………..2)

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

: (ബി) 2011-12-ൽ പോലീസ് നവീകരണത്തിനായി കേന്ദ്ര സഹായമായ 26.82. കോടിരൂപയും അതിനാനുപാതികമായ സംസ്ഥാന വിഹിതമായ 8.94 കോടി രൂപയും ഉൾപ്പെടെ 35.76 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തുക ലഭ്യമാകുന്നതിനനുസരിച്ച് ആനുവൽ ആക്ഷൻ സ്കീം പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

(സി) പോലീസ് സേനയ്ക്ക് ആധുനിക രീതിയിലുള്ള ആയുധങ്ങൾ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇതിന്റെ ഭാഗമായി എത്ര രൂപയുടെ എന്തെല്ലാം സാധനങ്ങളാണ് വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

: (സി) ഉണ്ട് ; കമാൻഡോകൾക്കായി 25 എം.പി. കുർസ് വെപ്പണുകളും, 400 ഗ്ലോക്ക്-17 പിസ്റ്റളുകളും, 150 ആന്റി റയോട്ട് ഗണ്ണുകളും 20 ടിയർഗ്യാസ് ഗണ്ണുകളും വാങ്ങുന്നതിന് 2011-12 വർഷത്തെ പോലീസ് ആധുനികവൽക്കരണ പദ്ധതി പ്രകാരം ഫണ്ട് വകയിരുത്തിയിട്ടുണ്ട്. പോലീസ് ആധുനികവൽക്കരണ പദ്ധതി പ്രകാരം ഇതുവരെ വാങ്ങിയിട്ടുള്ള ആയുധങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

ANNEXURE-II

| Weapons purchased under MoPF from 2000-01 to 2010-11 | | | |
|---|---|---|---|
| Scheme Year | Item | No./ Unit | Amount Utilised |
| 2000-01 | Pistol 9 mm | 200 | 36,40,000 |
| 2000-01 | Rifles-MBL Agni Varsha | 10 | 4,73,870 |
| 2001-02 | Rifles-SLR 7.62 mm | 1000 | 50,00,000 |
| 2002-03 | Pistol 9 mm | 200 | 37,34,640 |
| 2003-04 | Pistol 9 mm | 300 | 46,80,000 |
| 2003-04 | Rifles-AK-47 | 100 | 7,96,089 |
| 2004-05 | Pistol 9 mm | 300 | 25,00,000 |
| 2004-05 | INSAS - Rifles | 1000 | 2,51,68,832 |
| 2004-05 | INSAS - Rifles | 459 | 1,25,84,416 |
| 2004-05 | Pistol 9mm | 300 | 45,24,000 |
| 2005-06 | INSAS - Rifles | 459 | 1,25,62,779 |
| 2006-07 | Pistol 9mm | 100 | 18,77,100 |
| 2009-10 (Part B) | Pistols 9mm | 484 | 1,14,94,247 |
| 2010-11 | INSAS - Rifles | 692 | 2,60,00,000 |
| **TOTAL** | | | **11,50,35,973** |